നമ്പർ: 230/2015

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

അടുത്ത കാലത്ത് പരിശുദ്ധ സഭയിൽ വിശ്വാസസംബന്ധമായി കണ്ടുവരുന്ന ചില തെറ്റായ പ്രവണതക ളുടെ അപകടങ്ങളെക്കുറിച്ച് സഭാമക്കൾ ഏവരും ബോധ്യപ്പെട്ടിരിക്കണം എന്ന് നാം ആഗ്രഹിക്കുന്നു. ഇതര ക്രൈസ്തവ വിഭാഗങ്ങളുമായി നല്ല എക്യുമെനിക്കൽ ബന്ധങ്ങൾ പുലർത്തുമ്പോൾ തന്നെ സ്തുതി ചൊവ്വാ കപ്പെട്ട ഓർത്തഡോക്സ് വിശ്വാസത്തിന് കോട്ടം വരത്തക്ക രീതിയിലുള്ള യാതൊരു പ്രവർത്തനങ്ങളും ഉണ്ടാകുവാൻ പാടുള്ളതല്ല. ആഴമായ കൗദാശിക അനുഭവമില്ലാത്ത ചിലരെങ്കിലും ജീവിതത്തിൽ ക്ലേശവും പ്രയാസവും അനുഭവിക്കുന്ന സാഹചര്യങ്ങളിൽ പരിശുദ്ധ സഭയുടെ വിശ്വാസം ഉപേക്ഷിച്ച് പോകുന്നു ണ്ട്. എന്നാൽ നമ്മുടെ ആരാധനയും കൂദാശകളിൽക്കൂടി ലഭിക്കുന്ന ദൈവകൃപയും പ്രതിസന്ധികളിൽ ബലവും ആശ്വാസവും സൗഖ്യവും നൽകുന്നു എന്ന് നാം തിരിച്ചറിയണം. അതിനുതകുന്ന വിധത്തിൽ നമ്മുടെ ആരാധനാ ജീവിതം പുഷ്ടിപ്പെടുത്തണം. കുടുംബ പ്രാർത്ഥനകൾ നിഷ്ഠയോടെ നടത്തുകയും, പള്ളിയാരാധനകളിൽ ആത്മാർത്ഥമായി പങ്കുകൊള്ളുകയും, പ. സഭ കൽപ്പിച്ചിരിക്കുന്ന നോമ്പുപവാസ ങ്ങൾ നന്നായി പാലിക്കുകയും ചെയ്യണം. കഷ്ടമനുഭവിക്കുന്നവർക്കും മാനസികക്ലേശവും രോഗവും നിമിത്തം പ്രയാസപ്പെടുന്നവർക്കും നമ്മുടെ വൈദികരും ഇടവകകളും ആശ്വാസമാകണം. കൗദാശിക രഹ സ്യങ്ങളിലൂടെ ലഭ്യമാകുന്ന ആശ്വാസത്തിലും, സൗഖ്യത്തിലും ദൈവിക കൃപയിലും ഉറച്ചുനിന്നുകൊണ്ട് ജീവിതം നയിക്കുവാൻ നമുക്ക് കൂടുതലായി സാധിക്കേണ്ടിയിരിക്കുന്നു. വിശ്വാസം പഠിക്കുവാനും ദൈവ ഹിതപ്രകാരം ജീവിക്കുവാനും കൂദാശാകേന്ദ്രീകൃതമായ ആത്മീയ ജിവിതശൈലി പുലർത്തുവാനും ദൈവം നമ്മെ ശക്തീകരിക്കട്ടെ.

''നിന്റെ പക്കൽ ഏൽപിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ട് ജ്ഞാനമെന്ന് വ്യാജമായി പേർ പറയുന്ന തിന്റെ ഭക്തി വിരുദ്ധമായ വ്യർത്ഥാലാപങ്ങളെയും തർക്ക സൂത്രങ്ങളെയും ഒഴിഞ്ഞു നിൽക്കുക'' - പരിശുദ്ധ നായ പൗലോസ് ശ്ലീഹാ ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ നിറഞ്ഞുകൊണ്ട് തന്റെ ശിഷ്യനായ തീമോ ത്തിയോസിന് എഴുതിയിരിക്കുന്ന ഈ വാക്കുകൾ സത്യവിശ്വാസം പാലിക്കുവാൻ നാമേവരെയും എത്ര യേറെ നിർബന്ധിക്കുന്നു എന്ന് നാം ഓർക്കുക. പരിശുദ്ധ സഭയുടെ സത്യവിശ്വാസം ദൈവനിശ്വസിത മായി നമുക്ക് ലഭിച്ചിരിക്കുന്ന വലിയ നിധിയാണ്. ആയത് പരിരക്ഷിക്കുവാൻ നമുക്ക് ദൈവമുമ്പാകെ വലിയ കടമയുണ്ട്. ക്രൈസ്തവ രക്തസാക്ഷികളും അനുഗൃഹീതരായ സഭാ പിതാക്കന്മാരും ജീവത്യാഗത്തോളം ഉറച്ചുനിന്നത് ഈ വിശ്വാസത്തിന്റെ സംരക്ഷണത്തിന് വേണ്ടിയാണ്. മട്ടാഞ്ചേരി കൂനൻകുരിശ് സത്യം വിദേശാധിപത്യത്തിനെതിരായിട്ടുള്ള പോരാട്ടമായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത് പൂർണ്ണ മായും ശരിയല്ല. കാരണം, കേവലം വിദേശാധിപത്യത്തിനെതിരെ മാത്രമായിരുന്നുവെങ്കിൽ പിന്നീടും വിദേ

(മറുപുറം)

ശാധിപത്യത്തിന്റെ സാഹചര്യം സഭയിൽ ഉണ്ടാവുകയില്ലായിരുന്നു. പരിശുദ്ധ സഭ പാലിച്ചിരുന്ന സത്യവിശ്വാസത്തിനെതിരായ പ്രവണതകളോടുള്ള പ്രതിഷേധമായിവേണം കൂനൻകുരിശ് സത്യം യഥാർത്ഥത്തിൽ വീക്ഷിക്കുവാൻ. പാശ്ചാത്യ മിഷനറിമാർ സ്തുതി ചൊവ്വാകപ്പെട്ട നമ്മുടെ സത്യവിശ്വാസത്തെ ചോദ്യം ചെയ്തപ്പോൾ സർവ്വശക്തിയോടുംകൂടെ നമ്മുടെ പൂർവ്വപിതാക്കന്മാർ അതിനെ പ്രതിരോധിച്ചത് ഒരിക്കലും മറക്കാനാവില്ല. ത്രീസായ് ശുബഹോ എന്നും ഓർത്തോദുക്സോ എന്നുമാണ് നമ്മുടെ സത്യവിശ്വാസത്തിന് പേര് നൽകപ്പെട്ടിരിക്കുന്നത്. 'സ്തുതി ചൊവ്വാകപ്പെട്ട', 'ശരിയായി സ്തുതി സമർപ്പിക്കുന്ന' എന്നെല്ലാമാണ് ഇതിന് അർത്ഥം. നമ്മുടെ പിതാക്കന്മാർ നമ്മെ ഭരമേൽപിച്ചിരിക്കുന്ന സത്യവിശ്വാസം ദൈവത്തിന് ശരിയായി സ്തുതി സമർപ്പിക്കുന്നതും ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമാണ്. സഭയിലെ എല്ലാ വിശ്വാസികളും ഈ വിശ്വാസത്തിന്റെ കാവൽഭടന്മാരാണ്. പൗരോഹിത്യഗണം സത്യവിശ്വാസത്തിന്റെ സൂക്ഷിപ്പുകാരാണ്(custodians). പരിശുദ്ധ സഭയുടെ തലവൻ എന്ന നിലയിൽ സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്വം നമ്മെ നിർബ്ബന്ധിക്കുന്നതിനാലാണ് നാം ഇത് എഴുതുന്നത്.

കർത്താവിൽ വാത്സല്യമുള്ളവരേ, വിശ്വാസം ബലപ്പെടുത്തുന്ന വിധത്തിലുള്ള രീതി ശാസ്ത്രവും പരിശുദ്ധാത്മ നടത്തിപ്പും നമ്മുടെ സഭയുടെ കൈമുതലാണ്. വി. കുർബ്ബാനയിലും മറ്റ് കൂദാശകളിലുമുള്ള സംബന്ധം, നിഷ്ഠയോടുകൂടിയ പ്രാർത്ഥനാ ജീവിതം, നോമ്പുപവാസങ്ങൾ എന്നിവ നമ്മുടെ പൂർവ്വ പിതാക്കന്മാരെ സർവ്വ വെല്ലുവിളികളെയും നേരിടുവാൻ പ്രാപ്തരാക്കി. രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്ന് കണ്ണീരൊഴുക്കി ദൈവാനുഗ്രഹങ്ങൾ യാചിച്ച അനുഗൃഹീത മാതൃകകൾ നാം വിസ്മരിക്കരുത്. സർവ്വ ദുഷ്ടാത്മ ബന്ധനങ്ങളെയും അഴിച്ചുകളവാൻ പ്രാപ്തിയുള്ളതാണ് നമ്മുടെ വിശ്വാസം. ഈ വിശ്വാസം പൂർണ്ണമായി പാലിച്ചുകൊണ്ട് സത്യദൈവത്തെ അറിഞ്ഞ് ജീവിക്കുന്നതാണ് യഥാർത്ഥ ഉണർവ്വ്. ആയതിനാൽ നമ്മുടെ സഭയുടെ എല്ലാ മെത്രാസനങ്ങളും ഇടവകകളും കുടുംബങ്ങളും പരിശുദ്ധ സഭയുടെ സത്യവിശ്വാസ സംരക്ഷണം തങ്ങളുടെ അടിസ്ഥാന ചുമതലയായി കണക്കാക്കേണ്ടതാണ്. വിശ്വാസത്തെ നേർപ്പിക്കുന്ന യാതൊരുവിധ നടപടികളോ, യോഗങ്ങളോ നമ്മൾ നടത്തിക്കൂടായെന്ന് സ്നേഹബുദ്ധ്യാ നിങ്ങളേവരേയും നാം ഓർമ്മിപ്പിക്കുന്നു. ഇടവകകളിലെ പ്രാർത്ഥനായോഗങ്ങളും, കൺവൻഷനുകളും പരിശുദ്ധ സഭയുടെ വിശ്വാസത്തിനും പാരമ്പര്യത്തിനും യോജിച്ച രീതിയിൽ മാത്രം നടത്തേണ്ടതാണ്. പൂർവ്വ പിതാക്കന്മാർ നമുക്ക് കാട്ടിത്തന്നിട്ടുള്ള ധന്യമായ പാരമ്പര്യത്തിനും നമ്മുടെ സത്യവിശ്വാസത്തിനും വിരുദ്ധമായ പ്രസംഗങ്ങളോ, കർമ്മങ്ങളോ, പ്രവർത്തനങ്ങളോ യാതൊരു വിധത്തിലും നാം പ്രോത്സാഹിപ്പിക്കുവാൻ പാടുള്ളതല്ല. അവയിൽ അറിഞ്ഞോ അറിയാതെയോ പങ്കെടുക്കുകയുമരുത്. പരിശുദ്ധ മാമോദീസായിലൂടെ ക്രിസ്തു തലയായുള്ള ശരീരത്തിന്റെ അവയവങ്ങളായി തീർന്നവരാണ് നമ്മൾ. കർത്താവിനോട് ഒട്ടിച്ച് ചേർക്കപ്പെട്ട് നിത്യജീവന്റെ പൂർണ്ണതയിലേക്ക് വളരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ലോക മോഹങ്ങൾക്ക് അനുരൂപരായിത്തീർന്നുകൊണ്ട് ന്യായവിധി നാളിൽ 'ഞാൻ നിങ്ങളെ അറിയുന്നില്ല' എന്ന് നമ്മുടെ കർത്താവ് കൽപ്പിക്കുന്നത് കേൾക്കുവാൻ നമുക്ക് ഇടയാകാതെ, 'വന്ന് നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശിക്കുവീൻ' എന്ന ഇമ്പകരമായ ശബ്ദം കേൾക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.



സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2015 ഒക്ടോബർ മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.